[റിപ്പോർട്ട്]

# താമരശ്ശേരി ഗ്രാമപഞ്ചായത്ത്

*"ഹരിതം സുന്ദരം താമരശ്ശേരി"*

## ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പദ്ധതി -

## പിന്നിട്ട നാൾവഴികളും, പുതു സംരംഭവും.

**ജയ്സെൻ എൻ. ഡി.**
*(സെക്രട്ടറി, താമരശ്ശേരി ഗ്രാമപഞ്ചായത്ത്)*

**മുന്നുര**

കോഴിക്കോട്ട് ജില്ലയിലെ പ്രധാനപ്പെട്ട പട്ടണങ്ങളിലൊന്നായ താമരശ്ശേരിയും അനുബന്ധ പ്രദേശങ്ങളും ഉൾക്കൊള്ളുന്നതാണ് താമരശ്ശേരി ഗ്രാമപഞ്ചായത്ത്. 1988 ൽ ഇറങ്ങിയ "വെള്ളാനകളുടെ നാട്ട്" എന്ന സിനിമയിലെ, "ങ്ങളറീലേ താമരശ്ശേരി ചൊരം.." എന്നു തുടങ്ങുന്ന അതിപ്രശസ്തമായ ഡയലോഗിലൂടെ യശഃശരീരനായ സിനിമാനടൻ കുതിരവട്ടം പപ്പു അനശ്വരമാക്കിയ പേരാണ് താമരശ്ശേരിയുടേത്.





വെള്ളാനകളുടെ നാട്ട് - സിനിമയിലെ രംഗം

**[റിപ്പോർട്ട്]**

## പൊതു വിവരങ്ങളും ശുചിത്വ സംവിധാനവും

പൂനൂർ പുഴയും ഇരുതുള്ളിപ്പുഴയും അതിരിടുന്ന ഈ ഗ്രാമപഞ്ചായത്ത് കോഴിക്കോട് ലോക്സഭാ മണ്ഡലത്തിലും കൊടുവള്ളി നിയമസഭാ നിയോജക മണ്ഡലത്തിലും, താമരശ്ശേരി താലൂക്കിലും, കൊടുവള്ളി ബ്ലോക്കിലും ഉൾപ്പെടുന്നു. രാരോത്ത്, കെടവൂർ എന്നീ രണ്ടു റവന്യൂ വില്ലേജുകളും ഭാഗികമായി ഈ ഗ്രാമപഞ്ചായത്തിലുൾക്കൊള്ളുന്നു. 27.17 ച. കി. മീ. വിസ്തീർണ്ണമുള്ള ഗ്രാമപഞ്ചായത്തിൽ 19 വാർഡുകളുണ്ട്. 2011 ലെ കാനേഷുമാരി പ്രകാരം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 35,706 ആണ്. സഞ്ചയ ഡാറ്റാബേസ് പ്രകാരം ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങൾ 11,764 (പതിനൊന്നായിരത്തി എഴുനൂറ്റി അറുപത്തി നാല്) എണ്ണവും, വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ 6,117 (ആറായിരത്തി ഒരുനൂറ്റിപ്പതിനേഴ്) എണ്ണവുമാണ് ഇവിടെ നിലവിലുള്ളത്.




ഗ്രാമ പഞ്ചായത്തിന്റെ ഭൂപടം

ഈ ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണം, ശുചിത്വം എന്നീ മേഖലയിലെ സ്ഥിരം ജീവനക്കാരായി ഫുൾടൈം സ്വീപ്പർമാർ എട്ടു പേരും, അവരുടെ മേൽനോട്ടത്തിനും മറ്റ് അനുബന്ധ ചുമതലകൾക്കുമായി ഒരു ഹെൽത്ത് ഇൻസ്പെക്ടറും ആണ് നിലവിലുള്ളത്, മേൽപ്പറഞ്ഞ എട്ട് ഫുൾ ടൈം സ്വീപ്പർമാരിൽ മൂന്ന് പോസ്റ്റുകളിൽ മാത്രമേ നിലവിൽ ജീവനക്കാരുള്ളൂ, ബാക്കി അഞ്ചു പോസ്റ്റുകളും ഒഴിഞ്ഞു കിടക്കുകയാണ്. ആയതിനാൽ അങ്ങാടിയിലെ റോഡ്, മറ്റു പ്രധാന പരിസരങ്ങൾ എന്നിവിടങ്ങൾ മാലിന്യമുക്തമാക്കുന്നതിനായി അഞ്ചു പേരെ ദിവസവേതനത്തിൽ പ്രവൃത്തിക്കെടുത്തിട്ടുണ്ട്. അങ്ങാടിയിലെ മാലിന്യം നീക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് ഒരു ടിപ്പർ ലോറിയും, അതിന് ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഡ്രൈവറും നിലവിലുണ്ട്. ഇപ്രകാരം ശേഖരിക്കുന്ന മാലിന്യം നിക്ഷേപിക്കുന്നതിനായി ഉപയോഗിച്ചു വന്നിരുന്ന, പൂവറ എസ്റ്റേറ്റിലെ നാലര ഏക്ര വിസ്തീർണ്ണമുള്ള ഒരു ഡമ്പിങ് ഗ്രൌണ്ടും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ട്.

ഇതു കൂടാതെ, ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള താമരശ്ശേരി താലൂക്ക് ആശുപത്രിയിലെ ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ജൂനിയർ

[റിപ്പോർട്ട്]

പബ്ലിക് ഹെൽത്ത് നഴ്സുമാർ എന്നിവർ വാർഡുകളുടെ ശുചിത്വവും, പൊതുജനാരോഗ്യ ചുമതലയും അതാതു വാർഡ് മെമ്പർമാരുടെ മേൽനോട്ടത്തിൽ വാർഡ് തല ശുചിത്വ സമിതികളുടെ സഹായത്തോടെ നിർവ്വഹിച്ചു വരുന്നു.

ഇതിനൊക്കെ പുറമേ, വീടുവീടാന്തരവും സ്ഥാപനങ്ങളിൽ നിന്നും തരം തിരിച്ച മാലിന്യം ശേഖരിച്ചു സംസ്കരണത്തിനായക്കുന്നതിനു വേണ്ടി സർക്കാർ ഉത്തരവുകൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുത്തവർ ഉൾക്കൊള്ളുന്ന "ഹരിതകർമ്മസേന" രൂപീകരിച്ചിട്ടുമുണ്ട്.

ഈ സംവിധാനങ്ങളുണ്ടായിരുന്നിട്ടും, ഈ ഗ്രാമപഞ്ചായത്തിൽ കീറാമുട്ടിയായി കിടന്നിരുന്ന പ്രശ്നമാണ് മാലിന്യ സംസ്കരണം. അതായത് ഹരിതകർമ്മ സേന വഴി വ്യവസ്ഥാപിതമായി മാലിന്യം ശേഖരിക്കുന്ന സംവിധാനം പ്രവർത്തനക്ഷമമല്ലാതിരുന്നതും, ശേഖരിച്ചു കൊണ്ടുവരുന്ന മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാൻ മാർഗ്ഗമില്ലാതിരുന്നതും പരിഹരിക്കപ്പെടാതെ കിടന്നു. ശേഖരിച്ചു കൊണ്ടുവരുന്ന മാലിന്യം പൂവറ എസ്റ്റേറ്റിലെ ടഞ്ചിങ് ഗ്രൌണ്ടിൽ കൊണ്ടു വന്ന് അശാസ്ത്രീയമായ രീതിയിൽ കുഴിച്ചു മൂടുകയാണ് ചെയ്തു കൊണ്ടിരുന്നത്.

## വ്യാപാര-വ്യവസായ മേഖല

ഗ്രാമപഞ്ചായത്തിലെ വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും പ്രകാരം ലൈസൻസിന് അപേക്ഷിക്കുമ്പോൾ ആ അപേക്ഷാ ഫോറത്തിലെ ഒരു ചോദ്യം:

"19. ഉപയോഗശൂന്യമായ പദാർത്ഥങ്ങൾ, ചപ്പുചവറുകൾ, മറ്റ് മാലിന്യങ്ങൾ എന്നിവ ശരിയായി സംസ്കരിക്കുന്നതിന് സൌകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങളും"

എന്നാണ്.

ഈ ചോദ്യത്തിന്, അപ്രകാരമുള്ള സൌകര്യങ്ങൾ ഉണ്ടെന്നും, തങ്ങളുടെ സ്ഥാപനത്തിൽ ഏർപ്പെടുത്തിയ അങ്ങിനെത്തെ സൌകര്യങ്ങളുടെ വിവരങ്ങളും അപേക്ഷകരായ വ്യാപാരി-വ്യവസായികൾ എഴുതാറുണ്ട്.

ആയതു പ്രകാരം അവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും നല്കുന്ന ലൈസൻസ്,

- "6. ഓരോ പ്രവൃത്തി ദിവസത്തിന്റെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേണ്ടതാണ്."
- "7. ആ സ്ഥലത്തിന്റെയോ പരിസരത്തിന്റെയോ, ഏതെങ്കിലും ഭാഗത്ത് വീഴുകയോ നിക്ഷേപിക്കുകയോ ചെയ്യുന്ന ചപ്പുചവറോ, മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റു പദാർത്ഥമോ ശേഖരിച്ച്, സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ നീക്കം ചെയ്യിക്കേണ്ടതാണ്."
- "8. ലൈസൻസി ഏതൊരു കെട്ടിടത്തിന്റെയും ചുവരുകളുടെ അകവശത്തിന്റെ ഏതൊരു ഭാഗവും മേൽപ്പറഞ്ഞ പരിസരത്തിലുള്ള തറയും നടപ്പാതയും അവിടെ തെറിച്ചു വീഴാനിടയുള്ള ഏതെങ്കിലും ദ്രാവകമോ, മാലിന്യമോ, ചപ്പുചവറോ, അസഹ്യവും ഉപദ്രവകരവുമായ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്ക വിധം എപ്പോഴും നന്നായി കേടുപാട് തീർത്ത് നിലനിർത്തേണ്ടതാണ്."

[റിപ്പോർട്ട്]

- "9. ലൈസൻസി മേൽപ്പറഞ്ഞ സ്ഥലത്തോ, പരിസരത്തോ അതോടു ചേർന്നോ ഉള്ള ഏതൊരു ഓവുചാലും, അഴുക്കുജലം കളയുന്നതിനുള്ള ഉപകരണവും എപ്പോഴും നന്നായി കേടുപാടു തീർത്ത് നിലനിർത്തേണ്ടതാണ്"

എന്നീ വ്യവസ്ഥകളോടു കൂടിയാണ് അനുവദിക്കുന്നത്. ഈ വ്യവസ്ഥകൾ ലംഘിക്കുന്നത് ലൈസൻസ് റദ്ദു ചെയ്യപ്പെടുന്നതിനു കാരണമാകാവുന്നതാണെന്നതും ലൈസൻസിന്റെ ഒരു വ്യവസ്ഥയാണ്.


എങ്കിലും താമരശ്ശേരിയിലെ നല്ലൊരു ശതമാനം വരുന്ന വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്കും അപ്രകാരം ഒരു വ്യവസ്ഥാപിത മാലിന്യ നിർമ്മാർജ്ജന സംവിധാനം നിലവിലില്ല എന്നു നിരീക്ഷിക്കുകയുണ്ടായി. അങ്ങാടിയിലെ റോഡും പരിസരവും അടിച്ചുവാരി വൃത്തിയാക്കാൻ വരുന്ന ജീവനക്കാരുടെ ശ്രദ്ധ മാറുമ്പോൾ പല വ്യാപാര-വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ചപ്പുചവറുകളും മറ്റു മാലിന്യങ്ങളും കവറുകളിലും ചാക്കുകളിലും കെട്ടി, റോഡരികിൽ നിർത്തിയിട്ട ഗ്രാമപഞ്ചായത്തിന്റെ ടിപ്പർ ലോറിയിൽ, ലൈസൻസ് വ്യവസ്ഥകൾക്കു വിരുദ്ധമായി കൊണ്ടു തള്ളുന്നത് ഒരു പതിവു കാഴ്ചയുമാണ്.

## ഇരുളിന്റെ മറവിലെ നീക്കങ്ങൾ, 'എന്റെ പിന്നാമ്പുറത്തു വേണ്ട' - പ്രതിഭാസം

കൂടാതെ അങ്ങാടിയിലെ പല സ്ഥലങ്ങളിലും, ഇരുളിന്റെ മറവിൽ പല സ്ഥലങ്ങളിൽ നിന്നും എത്തുന്ന ആളുകൾ നിയമവിരുദ്ധമായി മാലിന്യം പ്ലാസ്റ്റിക് കവറുകളിൽ കെട്ടി നിക്ഷേപിക്കുന്നതും പതിവാണ്. ഇതു സ്ഥിരമായി നിരീക്ഷിക്കാൻ സംവിധാനമില്ലാത്തതിനാലും തെളിവുകളുടെ അഭാവത്തിലും ഇത്തരക്കാർക്കെതിരെ നടപടിയെടുക്കാൻ കഴിയാത്ത അവസ്ഥയാണ് മിക്കപ്പോഴും ഉണ്ടായിട്ടുള്ളത്. അപൂർവ്വം സന്ദർഭങ്ങളിൽ തെളിവുകൾ ലഭിച്ചപ്പോൾ ശിക്ഷാ നടപടിയെന്ന നിലയിൽ ചട്ടപ്രകാരമുള്ള ഫൈൻ ചുമത്തി ഈടാക്കിയിരുന്നെങ്കിലും ആളുകളുടെ ഈ ദുഃശീലം നിർത്താൻ സാധിച്ചിരുന്നില്ല. എന്നാൽ, ദിനംപ്രതി അളവിൽ കൂടിക്കൊണ്ടിരിക്കുന്ന ഇപ്രകാരമുള്ള മാലിന്യം അങ്ങാടിയിൽ നിന്നും ദിവസവും രാവിലെ നീക്കം ചെയ്തു വൃത്തിയാക്കാൻ ഗ്രാമപഞ്ചായത്ത് നിർബ്ബന്ധിതവുമായിത്തീരുന്നു.

താമരശ്ശേരിയിലെ ജനവാസ കേന്ദ്രങ്ങളിൽ മാലിന്യമോ പാഴ്‌വസ്തുക്കളോ കെട്ടിക്കിടന്നാൽ NIMBY (Not In My Back Yard) അഥവാ "എന്റെ പിന്നാമ്പുറത്തു വേണ്ട" എന്ന പ്രതിഭാസം മൂലം ആ മാലിന്യം അവിടെ നിന്നും നീക്കം ചെയ്യുന്നതു വരെ രൂക്ഷമായ പ്രതികരണം പ്രദേശവാസികളിൽ നിന്നും വരാറുണ്ട്. എന്നാൽ ഇങ്ങനെ നീക്കം ചെയ്യുന്ന മാലിന്യം കൊണ്ടു പോയി നിക്ഷേപിക്കുന്ന പൂവറ എസ്റ്റേറ്റിലെ ഡമ്പിങ് ഗ്രൗണ്ട്, ജനവാസ മേഖലകളിൽ നിന്നും വളരെ അകലെയായതിനാൽ അവിടെ ഇത്തരം എതിർപ്പുകൾ ജനങ്ങളിൽ നിന്നും ഉണ്ടായിരുന്നതുമില്ല. അതുകൊണ്ടു തന്നെ, ഇപ്രകാരം അശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുന്നത് നാളിതുവരെ തുടരാൻ ഒരു കാരണമായി.

[റിപ്പോർട്ട്]




NIMBY (Not In My Back Yard)

(ചിത്രത്തിന് കടപ്പാട്: https://www.cseindia.org)

## പാരിസ്ഥിതിക – നിയമ പ്രശ്നങ്ങളും പരിഹാരത്തിനുള്ള അന്വേഷണങ്ങളും

എന്നാൽ ദേശീയ ഹരിത ട്രിബ്യൂണൽ (എൻ ജി ടി) ന്റെ സമീപകാല വിധികളും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ (കെ എസ് പി സി ബി) യും, ശുചിത്വ മിഷന്റെയും ഹരിത കേരള മിഷന്റെയും നിർദ്ദേശങ്ങളും ഈ രീതിയിൽ അശാസ്ത്രീയമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനെ പിന്തുണയ്ക്കുന്നവയല്ല. കൂടാതെ ഈ രീതി തുടർന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ അത് ഗ്രാമപഞ്ചായത്തിനെ വലിയ പാരിസ്ഥിതിക പ്രതിസന്ധികളിലേക്കു നയിക്കുകയും ചെയ്തേക്കാം. അതിനാൽ നിയമാനുസൃതവും കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ളതും വ്യവസ്ഥാപിതവും ശാസ്ത്രീയവുമായ മാലിന്യ സംസ്കരണരീതിയിലേക്ക് മാറേണ്ടത് ഗ്രാമപഞ്ചായത്തിന്റെ അടിയന്തിര ആവശ്യമായിരിക്കുകയാണ്.

ആയതിനാൽ, മാലിന്യം ശേഖരിക്കുന്നതു തുടർന്നെങ്കിലും, കുഴിച്ചു മൂടുന്നതു നിർത്തി. ആയിടെ കോഴിക്കോട്ടു വച്ചു നടന്ന മലിനീകരണ നിയന്ത്രണം സംബന്ധിച്ച ശില്പശാലയിൽ വച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജില്ലാ തല ഓഫീസിലെ എൻവയൺമെന്റൽ എഞ്ചിനീയറെ നേരിൽ കണ്ട് വിവരങ്ങൾ അറിയിച്ച് പരിഹാരനടപടികൾ എന്തെന്ന് അന്വേഷിച്ചെങ്കിലും, വിജയകരമായി നടപ്പാക്കാനാവുന്ന തരത്തിലുള്ള ഒരു മാർഗ്ഗനിർദ്ദേശം ലഭിച്ചിരുന്നില്ല. ട്രഞ്ചിങ് ഗ്രൌണ്ടിലെ മാലിന്യം കുമിഞ്ഞു കൂടിത്തുടങ്ങി.

**[റിപ്പോർട്ട്]**



## സംസ്കരണ പ്ലാന്റ് ഇല്ല; പ്ലാസ്റ്റിക് മാലിന്യം കുന്നുകൂടുന്നു

**താമരശ്ശേരി ▸** അമ്പലമുക്കിന് സമീപത്തെ താമരശ്ശേരി ഗ്രാമപ്പഞ്ചായത്ത് മാലിന്യശേഖരകേന്ദ്രത്തിൽ സംസ്കരണ പ്ലാൻറ് ഇല്ലാത്തതുമൂലം മാലിന്യം കുന്നുകൂടുന്നു.

കഴിഞ്ഞ വർഷം സ്വകാര്യ കമ്പനിയും ഹരിതകർമ സേനയും ചേർന്ന് മാലിന്യംശേഖരിച്ച് അയൽ സംസ്ഥാനത്തേക്ക് സംസ്കരണത്തിനായി കയറ്റി അയച്ചിരുന്നു. എന്നാൽ ഇതുസംബന്ധിച്ച കരാർ കാലാവധി അവസാനിച്ചതോടെ മാലിന്യ ശേഖരണ കേന്ദ്രത്തിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യം കുന്നുകൂടി പ്രദേശവാസികൾക്കും തലവേദനയാവുകയാണ്.

നിലവിൽ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽനിന്ന് ശേഖരിക്കുന്ന മാലിന്യം അതേപോലെ അമ്പലമുക്കിനോട് ചേർന്നുള്ള കേന്ദ്രത്തിൽ തള്ളുകയാണ്. വീടുകളിൽനിന്ന് മാലിന്യം ശേഖരിക്കുന്നതും നിലച്ചമട്ടാണ്. താമരശ്ശേരി പട്ടണത്തിൽ പ്ലാസ്റ്റിക് കുപ്പികൾ ശേഖരിക്കാൻ സംവിധാനം ഒരുക്കിയിട്ടുണ്ടെങ്കിലും മാലിന്യം സംസ്കരിക്കാൻ സംവിധാനമില്ലാത്തതിനാൽ ടൗണും റോഡരികുകളും മാലിന്യതള്ളൽകേന്ദ്രങ്ങളായി മാറുകയാണ്. മാലിന്യം ശേഖരിക്കാനും സംസ്കരിക്കാനും അടിയന്തരനടപടി സ്വീകരിക്കണമെന്നാണ് നാട്ടുകാർ ആവശ്യപ്പെടുന്നത്.

താമരശ്ശേരി ഗ്രാമപ്പഞ്ചായത്ത് മാലിന്യ ശേഖരണകേന്ദ്രത്തിൽ പ്ലാസ്റ്റിക്മാലിന്യം കുന്നുകൂടിയ നിലയിൽ

മാലിന്യ പ്രശ്നം - പത്രവാർത്ത

### പുതിയ പഞ്ചായത്ത് ഭരണസമിതി, അഡീ. ചീഫ് സെക്രട്ടറിയുടെ റിവ്യൂ മീറ്റിങ്

ഗ്രാമപഞ്ചായത്തിൽ തിരഞ്ഞെടുപ്പ് കഴിഞ്ഞു് അധികാരമേറ്റെടുത്ത പുതിയ ഭരണസമിതി ഈ വിഷയത്തിൽ കൂടുതൽ താല്പര്യത്തോടെ ഇടപെട്ടു തുടങ്ങി. പഞ്ചായത്തിനെ വളരെക്കാലമായി അലട്ടിക്കൊണ്ടിരിക്കുന്ന മാലിന്യ സംസ്കരണ പ്രശ്നം എങ്ങനെയും പരിഹരിക്കണമെന്ന നിശ്ചയദാർഢ്യത്തോടെ സമീപിച്ച ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടും വൈസ് പ്രസിഡണ്ടും ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ് കമ്മിറ്റി ചെയർമാനും പ്രത്യേകമായും, മറ്റു സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാരും പഞ്ചായത്ത് മെമ്പർമാരും പൊതുവായും ഈ ദിശയിലുള്ള എല്ലാ നടപടികൾക്കും പ്രവർത്തനങ്ങൾക്കും നിർല്ലോഭമായ പിന്തുണ നല്കി. അതു കൂടാതെ, അവരുടെ നിലയിൽത്തന്നെ പ്രശ്നപരിഹാര സാദ്ധ്യതകൾ അന്വേഷിക്കുകയും ചെയ്തു.

അങ്ങിനെയിരിക്കേ, 21/04/2021 ന് സംസ്ഥാനത്തിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി കോഴിക്കോട്ട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റിവ്യൂ മീറ്റിങ് വിളിച്ചു ചേർക്കുകയും, ആയതിൽ താമരശ്ശേരിയിലെ ടഞ്ചിങ് ഗ്രൌണ്ടിലെ, കുഴിച്ചു മൂടൽ നിർത്തിയതിനാൽ കുന്നു കൂടിയ ലെഗസി മാലിന്യത്തിന്റെ അവസ്ഥ ഫോട്ടോകളിലൂടെ കാണുകയും ചെയ്തു. നിയമാനുസൃതമായ പ്രശ്നപരിഹാരം ഉടൻ കാണണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.



ടഞ്ചിങ് ഗ്രൌണ്ടിൽ കെട്ടിക്കിടക്കുന്ന ലെഗസി മാലിന്യം

[റിപ്പോർട്ട്]

## പ്രശ്ന പരിഹാരമാർഗ്ഗം തെളിയുന്നു

ഇത്തരം വിഷയങ്ങളിൽ ഗ്രാമപഞ്ചായത്തിന് വേണ്ടുന്ന മാർഗ്ഗനിർദ്ദേശം നല്കുകയും സഹായിക്കുകയും ചെയ്യേണ്ടുന്ന സ്ഥാപനങ്ങളാണ് ശുചിത്വമിഷൻ എംപാനൽ ചെയ്ത ഹരിത സഹായ സ്ഥാപനങ്ങൾ. താമരശ്ശേരി ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിരുന്ന ഹരിത സഹായ സ്ഥാപനത്തിന് ഈ വിഷയത്തിൽ കൃത്യമായ ഒരു മാർഗ്ഗനിർദ്ദേശം നല്കാനോ പ്രായോഗികമായ ഒരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കാനോ സാധിച്ചില്ല. എന്നാൽ പ്രശ്നത്തിന് ഉടൻ പരിഹാരം കാണേണ്ടതായും വന്നു.

ആയിടെ കേരള ഗ്രാമ നിർമ്മാണ സമിതി എന്ന സ്ഥാപനത്തിന്റെ പ്രതിനിധികൾ ഗ്രാമപഞ്ചായത്താഫീസിൽ വരികയും പ്രസിഡണ്ടിനെയും, ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ് കമ്മിറ്റി ചെയർമാനെയും, സെക്രട്ടറിയെയും, അസിസ്റ്റന്റ് സെക്രട്ടറിയെയും, ഹെൽത്ത് ഇൻസ്പെക്ടറെയും നേരിൽ കാണുകയും ഗ്രാമപഞ്ചായത്തിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി പ്രായോഗികമായ ഒരു നിർദ്ദേശം മുന്നോട്ടു വയ്ക്കുകയും ചെയ്തു. ആ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഗ്രാമപഞ്ചായത്തിൽ കൃത്യമായി മാലിന്യ സംസ്കരണം നടപ്പാക്കുന്നതിന് നിയമാനുസൃതവും വ്യവസ്ഥാപിതവുമായ മാർഗ്ഗം അന്വേഷിച്ചു കൊണ്ട് സെക്രട്ടറി 07/05/2021 ന് ശുചിത്വമിഷന്റെ ബഹു. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്തയച്ചു. തുടർന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സെക്രട്ടറിയെ നേരിട്ട് ഫോണിൽ വിളിച്ച് കൂടുതൽ വിവരങ്ങൾ അന്വേഷിച്ചു, അന്വേഷിച്ച വിവരങ്ങൾ സെക്രട്ടറി ബഹു. എക്സിക്യൂട്ടീവ് ഡയറക്ടറെ ധരിപ്പിക്കുകയും ചെയ്തു.

10/05/2021 ന് ശുചിത്വമിഷന്റെ രേഖാമൂലമുള്ള മറുപടിയിൽ മാർഗ്ഗനിർദ്ദേശം ലഭ്യമായി. ആയതു പ്രകാരം,

1. നിലവിലുള്ള ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ അവരെ ഒഴിവാക്കി ശുചിത്വ മിഷൻ എംപാനൽ ചെയ്ത ലിസ്റ്റിൽ നിന്നും പഞ്ചായത്ത് തീരുമാന പ്രകാരം മറ്റൊരു ഹരിത സഹായ സ്ഥാപനവുമായി നേരിട്ട് കരാറിലേർപ്പെടാം.
2. പഞ്ചായത്തിലെ വീടുകളിൽ നിന്നും വ്യാപാര-വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന തരം തിരിച്ച് വൃത്തിയാക്കിയ പാഴ്വസ്തുക്കൾ ഒന്നുകിൽ ക്ലീൻ കേരള കമ്പനിക്ക് നല്കുകയോ, അതിനു താല്പര്യമില്ലെങ്കിൽ, സർക്കാർ നിശ്ചയിച്ച അടിസ്ഥാന വിലയ്ക്ക് മുകളിൽ തുക നല്കുന്ന സ്വകാര്യ ഏജൻസിയെ ഓപ്പൺ ടെണ്ടർ വഴി കണ്ടെത്തി കരാറിലേർപ്പെട്ട് നീക്കം ചെയ്യിക്കാം.
3. ട്രഞ്ചിങ് ഗ്രൌണ്ടിലെ ലെഗസി മാലിന്യം (കൂട്ടിക്കലർത്തിയ മാലിന്യം) ഒന്നുകിൽ ക്ലീൻ കേരള കമ്പനിക്ക് നല്കുകയോ, അതിനു താല്പര്യമില്ലെങ്കിൽ, സർക്കാർ നിശ്ചയിച്ച അടിസ്ഥാന വിലയിൽ താഴെ തുകയ്ക്ക് ഏറ്റെടുക്കുന്ന സ്വകാര്യ ഏജൻസിയെ ഓപ്പൺ ടെണ്ടർ വഴി കണ്ടെത്തി കരാറിലേർപ്പെട്ട് നീക്കം ചെയ്യിക്കാം.

## ലോക്ക് ഡൌൺ യാത്രകളും ചർച്ചകളും

കോവിഡ് 19 നിയന്ത്രണം സംബന്ധിച്ച ലോക്ക് ഡൌൺ സമയത്ത് വീട്ടിൽ നിന്നും ഓഫീസിലേക്കും, തിരിച്ചുമുള്ള യാത്രകൾ ജൂനിയർ സൂപ്രണ്ടിനും, ഹെൽത്ത് ഇൻസ്പെക്ടർക്കും ഒപ്പം ഒരേ വാഹനത്തിലായിരുന്ന സമയത്തും, അല്ലാത്തപ്പോൾ ഹെൽത്ത് ഇൻസ്പെക്ടറുടെ കൂടെ ബൈക്കിൽ യാത്ര ചെയ്തു കൊണ്ടിരുന്നപ്പോഴും ലഭിച്ചിരുന്ന അര മണിക്കൂർ വീതമുള്ള യാത്രാസമയം

**[റിപ്പോർട്ട്]**

ഈ വിധത്തിൽ പ്രശ്നം പരിഹരിക്കുന്നതിനായുള്ള പ്രായോഗികമായ വിവിധ സാദ്ധ്യതകൾ ചർച്ച ചെയ്യാനായി ലഭിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ എന്നിവരുമായി ചർച്ചകൾ നടത്തി. വാഹനങ്ങളിലും തുടർന്ന് ഓഫീസിലും വച്ച് നടത്തിയ ഈ ചർച്ചകൾ പ്രശ്നപരിഹാരമാർ ഗ്ഗങ്ങളിലേക്കെത്തുന്നതിന് വളരെയധികം സഹായകരമായി.

### ഭരണസമിതിയുടെ തീരുമാനങ്ങളും തുടർ പ്രവർത്തനങ്ങളും

തുടർന്ന് 18/05/2021 ന് 2(1) നമ്പർ പ്രകാരം ഭരണസമിതി ഔദ്യോഗികമായി മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനുള്ള തീരുമാനങ്ങളെടുത്തു.

ട്രഞ്ചിങ് ഗ്രൌണ്ടിലെ ലെഗസി മാലിന്യത്തിന്റെ അളവ് കണക്കാക്കുന്നതിനായും, നിയമാനുസൃത രീതിയിലുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കുമായുള്ള എസ്റ്റിമേറ്റെടുക്കാനായി ഗ്രാമപഞ്ചായത്തിലെ എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയർക്ക് 19/05/2021 കത്ത് നല്കി. അന്നു തന്നെ നിലവിലുള്ള ഹരിത സഹായ സ്ഥാപനത്തെ ഒഴിവാക്കി കേരള ഗ്രാമ നിർമ്മാണ സമിതിയുമായി കരാറിലേർപ്പെടാൻ അവർക്ക് കത്ത് നല്കി, തുടർന്ന് കരാറിലേർപ്പെടുകയും ചെയ്തു.

എൽ എസ് ജി ഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് ലഭ്യമായതിൽ, പരിസ്ഥിതി സൌഹാർദ്ദപരമായ ബയോ റെമഡിയേഷൻ (ബയോമൈനിങ്), കുഴിച്ചിട്ട മാലിന്യം തിരികെയെടുക്കൽ, ദുർഗ്ഗന്ധം ഒഴിവാക്കൽ, വേർതിരിക്കൽ തുടങ്ങി എല്ലാ വിഷയവും പരാമർ ശിച്ചിട്ടുണ്ട്.

തുടർന്ന് 25/05/2021ന് പ്രവൃത്തി ടെണ്ടർ ചെയ്തു. 09/06/2021 ന് 3(2) നമ്പർ പ്രകാരം ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറുകൾ ഭരണസമിതി അംഗീകരിച്ച് തീരുമാനിച്ചു. അന്നു തന്നെ 5 നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലായുടെ കരടും ഭരണസമിതി അംഗീകരിച്ച് തീരുമാനിച്ചു. ആയതു ചട്ട പ്രകാരം പ്രസിദ്ധപ്പെടുത്തി, ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിലും ലഭ്യമാക്കി. 30 ദിവസങ്ങൾ ക്കുള്ളിൽ ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ച് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ബൈലാ അന്തിമമായി അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### കർമ്മപഥത്തിലേക്ക്

ആയതിനു ശേഷം കേരള ഗ്രാമ നിർമ്മാണ സമിതിയുടെയും, ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസിന്റെയും ഇടപെടലോടെ ചടുലഗതിയിൽ കാര്യങ്ങൾ നീങ്ങി. ഹരിത കർമ്മ സേനയെ പുനഃസംഘടിപ്പിച്ച്, അവർക്ക് മതിയായ പരിശീലനവും മാർഗ്ഗ നിർദ്ദേശങ്ങളും നല്കി. വാർഡ് തലത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചു. വ്യാപാരി-വ്യവസായി പ്രതിനിധികളുമായും, രാഷ്ട്രീയ-സാമൂഹ്യ സംഘടനകളുമായും ചർച്ചകൾ നടത്തി. പൂവറ എസ്റ്റേറ്റിലെ ട്രഞ്ചിങ് ഗ്രൌണ്ടിലെ ലെഗസി മാലിന്യം പല ലോഡുകൾ ഇതിനോടകം നീക്കം ചെയ്തു കഴിഞ്ഞു, നീക്കം ചെയ്യൽ തുടരുകയും ചെയ്യുന്നു. ഈ വിധത്തിൽ വ്യവസ്ഥാപിതമായ മാലിന്യ സംസ്കരണ പ്രവർത്തനം എല്ലാ സ്റ്റേക്ക്ഹോൾഡർമാരുടെയും സഹകരണത്തോടെ കർമ്മപഥത്തിലേക്ക് നീങ്ങുകയാണ്. വർഷങ്ങളായി നിക്ഷേപിക്കപ്പെട്ട മാലിന്യക്കൂമ്പാരത്തിൽ നിന്നും പൂവറയെ അതിന്റെ പേര് സൂചിപ്പിക്കുന്നതു പോലെ തിരികെ "പൂക്കളുടെ അറ" തന്നെയാക്കി മാറ്റാൻ സാധിക്കുമോയെന്നു നോക്കാം നമുക്ക്. പാഴ്വസ്തുക്കളും മാലിന്യവും ഗ്രാമപഞ്ചായത്തിന് തലവേദന സൃഷ്ടിക്കുന്ന ഒരു പ്രശ്നമായി ഭാവിയിലും തുടരുകയില്ലെന്ന

[റിപ്പോർട്ട്]

ശുഭപ്രതീക്ഷയോടെ “ഹരിതം സുന്ദരം താമരശ്ശേരി” എന്ന ഈ പദ്ധതിക്ക് എല്ലാവരുടേയും സഹകരണവും പങ്കാളിത്തവും പ്രതീക്ഷിച്ച് കൊണ്ട്, ഈ റിപ്പോർട്ട് എല്ലാവർക്കുമായി സമർപ്പിക്കുന്നു.












~~~~~~~~~~~~~~~⋆~~~~~~~~~~~~~~~
~~~~~~~~~~~~~~~